## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6258 — 03.04.2018-ൽ മറുപടിക്ക്

## എൻ.ജി.ഒ.കളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്തുമോ; | എ) | പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ പ്രവർത്തനം ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ വിലയിരുത്താറുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായത്തിനായി പ്രൊപ്പോസൽ ലഭിക്കുന്ന എൻ.ജി.ഒ.കളുടെ പ്രവർത്തനം പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാ ഓഫീസർമാരും, ജില്ലാ കളക്ടറും സംയുക്തമായി അവലോകനം നടത്തുന്നുണ്ട്. |
| ബി) | ആദിവാസികളുടെ ഭവന നിർമ്മാണത്തിലെ കരാറുകാരുടെ ചൂഷണം തടയുന്നതിനും അവർക്ക് ഗുണമേന്മയുള്ള വീടുകൾ നിർമ്മിക്കുന്നതിനും വേണ്ടി വയനാട് ജില്ലയിൽ രൂപീകരിച്ച ട്രൈബൽ വെൽഫെയർ സൊസൈറ്റികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സൊസൈറ്റിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ? | ബി) | വയനാട്, അട്ടപ്പാടി എന്നീ സ്ഥലങ്ങളിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി ഗോത്രജീവിക എന്ന പദ്ധതി ആരംഭിക്കുകയും, തുടർന്നു കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകുകയും തുടർ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി സഹകരണ നിയമം അനുസരിച്ച് ഒരു സൊസൈറ്റി രൂപീകരിക്കാനും തീരുമാനിച്ചിരുന്നു. പരിശീലനം ലഭിച്ചവർക്ക് സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>പ്രസ്തുത സൊസൈറ്റിക്ക് സർക്കാർ ഗ്രാന്റ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ